## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 864 13-06-2012-ൽ മറുപടിയ്ക്ക്

### പ്രാക്തന ഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമ പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.ബെന്നി ബെഹനാൻ

**ഉത്തരം**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; | (എ) & (ബി)<br>കേരളത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഭവനനിർമ്മാണം, കുടിവെള്ളം, ആരോഗ്യം, പോഷകാഹാരം, വൈദ്യുതി, റോഡുകൾ, ഭൂരഹിതരായവർക്ക് പുനരധിവാസം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. മേൽ പറഞ്ഞ വികസന പ്രവർത്തനങ്ങൾക്ക് പുറമേ ഇന്ത്യാഗവണ്മെന്റിന്റെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി ലഭ്യമായ 148 കോടി രൂപയുടെ പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ച് പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പരിപാടി, ജീവനോപാധി പദ്ധതികൾ, അംഗൻവാടി, പ്രീപ്രൈമറി, പെരിപ്പതറ്റിക് സ്ഥാപനങ്ങൾ, സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ, മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കൽ, സാനിട്ടേഷൻ പദ്ധതികൾ, കടാശ്വാസ പദ്ധതികൾ എന്നിവ 2011-2015 കാലയളവിനുള്ളിൽ തന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇവർക്കായി പ്രത്യേക ക്ഷേമ പദ്ധതി നടപ്പാക്കുന്നകാര്യം ആലോചിച്ചിട്ടുണ്ടോ ; | |

| | |
|---|---|
| (സി) ക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; | (സി) 13-ാം ധനകാര്യകമ്മീഷൻ അവാർഡ് ഉപയോഗിച്ചുള്ള പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് ഒരു പ്രോജക്ട് ടീം രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട്/ടീം ലീഡറുടെ ആസ്ഥാനം കോഴിക്കോട് ചേവായൂരുള്ള കിർത്താഡ്സിലാണ് പ്രവർത്തിക്കുന്നത്. പ്രാക്തന ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിലായി ആറ് സെക്ടറൽ ആഫീസുകൾ ഇതിനായി തുറന്നിട്ടുണ്ട്. അട്ടപ്പാടിയിലെ (പാലക്കാട്) കുറുമ്പർക്കും, പറമ്പിക്കുളത്തെ കാടർക്കും വേണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് അഗളിയിൽ പ്രവർത്തിക്കുന്ന അഹാഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കാനുള്ള ഉദ്യോഗസ്ഥ സംവിധാനവും അവർക്കുള്ള ഭൗതിക സാഹചര്യങ്ങളും കൂടി ഇതിനകം ഒരുക്കിയിട്ടുണ്ട്. |
| (ഡി) ഇതിനുവേണ്ടി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ കേഡറിൽ ഒരു പ്രോജക്ട് ലീഡറുടേയും പട്ടികവർഗ്ഗ വികസന വകുപ്പിലെ അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ കേഡറിൽ 6 സെക്ടറൽ ഓഫീസർമാരുടേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഫീൽഡിൽ ഇവരെ സഹായിക്കുന്നതിനായി ഏഴ് റിസർച്ച് ഓഫീസർമാരെയും 24 ഡെവലപ്പ്മെന്റ് മീഡിയേറ്റർമാരെയും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**